എണ്ണത്തിലുള്ള വർദ്ധന നിമിത്തവും ഉണ്ടാകുന്ന അധികചെലവ് വഹിക്കുന്നതിനായി അധിക ധനാനുമതി വഴിയും ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തിയും തുക അനുവദിച്ചു നൽകുന്നുണ്ട്. വിവിധ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പിലാക്കുന്ന പെൻഷൻ പദ്ധതികൾക്കാവശ്യമായിവരുന്ന അധിക വിഹിതവും ലഭ്യമാക്കിയിട്ടുണ്ട്.

(ഇ) സാമൂഹ്യസുരക്ഷയും ക്ഷേമവും ഉറപ്പു വരുത്തുന്ന പ്രവർത്തനങ്ങൾ ക്കൊപ്പം അടിസ്ഥാന വികസന മേഖലകൾക്കും പുത്തൻ വളർച്ചാമേഖലകൾക്കും മുൻഗണന നൽകുന്ന നയമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. 2010-11 സാമ്പത്തിക വർഷത്തിൽ കൃഷി, പരമ്പരാഗത തൊഴിൽ മേഖലകൾ, അടിസ്ഥാന ക്ഷേമ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകിയിട്ടുണ്ട്. ജലസേചനം, കുടിവെള്ളം, ഊർജ്ജം, വ്യവസായം, വിദ്യാഭ്യാസം, ഐ.ടി. ടൂറിസം എന്നിവയ്ക്കുള്ള അടങ്കൽ ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. 35 ലക്ഷം കുടുംബങ്ങൾക്ക് 2 രൂപയ്ക്ക് അരി നൽകുന്ന പദ്ധതിയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

**കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ആവിഷ്ക്കരിച്ച വായ്പാ പാക്കേജ് പദ്ധതി**

8(*159) ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എഫ്. സി. യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ചെറുകിട-ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ആവിഷ്ക്കരിച്ച 500 കോടി രൂപയുടെ വായ്പാ പാക്കേജ് പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) ചെറുകിട- ഇടത്തരം വ്യവസായികൾക്ക് കെ.എഫ്.സി. മുഖേന കഴിഞ്ഞ വർഷം എന്തുതുകയുടെ സബ്സിഡി അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ഡി) കഴിഞ്ഞ വർഷം എന്ത് തുകയുടെ വായ്പ അനുവദിച്ചു ; ഈ വർഷം ഇതുവരെ എന്ത് തുക വായ്പയിനത്തിൽ അനുവദിച്ചു എന്നും വ്യക്തമാക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) :

(എ) സംസ്ഥാനത്തെ പീഡിത പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പുനരുദ്ധാരണ വായ്പ അനുവദിച്ചു. പ്രവാസി മലയാളികൾക്ക് 7% പലിശ

LIBRARY ARCHIVES Kerala Legislative Assembly

നിരക്കിൽ നൽകി വന്നിരുന്ന പുനർധിനാസ വായ്പ കാലാവധി ഈ സാമ്പത്തിക വർഷാവസാനം വരെ ദീർഘിപ്പിച്ചു. ഊർജ്ജ സംരക്ഷണ പദ്ധതികൾക്കായി 5% നിരക്കിൽ വായ്പ നൽകുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചു. വനിതാ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് സാധാരണ നിരക്കിൽ നിന്നും 1% വരെ കുറഞ്ഞ നിരക്കിൽ വായ്പ നൽകാൻ പദ്ധതിയുണ്ട്. ഭക്ഷ്യ സംസ്ക്കരണ വ്യവസായങ്ങളിലേർപ്പെട്ടിരിക്കുന്ന സംരംഭകർക്ക് ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി നൽകാനുള്ള പദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ട്. ജില്ലാ, മേഖലാ തല ഓഫീസുകൾക്ക് കൂടുതൽ അധികാരങ്ങൾ നൽകുക വഴി ഇടപാടുകാർക്കുള്ള സേവനം സത്വരമാക്കി. പുതുതലമുറകളോടും മറ്റു ധനകാര്യ സ്ഥാപനങ്ങളോടും കിടപിടിക്കത്തക്കവണ്ണം പൂർണ്ണമായ കമ്പ്യൂട്ടർ വൽക്കരണത്തിനുവേണ്ടി കോർ ഫിനാൻഷ്യൽ സൊല്യൂഷൻ പാക്കേജിന് ടി.സി.എസ്.-ന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി അന്തിമ ഘട്ടത്തിലാണ്. കെ.എഫ്.സി. യുടെ എല്ലാ പ്രവർത്തന മേഖലകളിലും പ്രോഫഷണലിസം നടപ്പിലാക്കിയിട്ടുണ്ട്. ജില്ലകൾ തോറും വ്യവസായ സംരംഭകരുടെ മീറ്റിംഗുകൾ വിളിച്ചു കൂട്ടുകയും അവരുടെ ആവശ്യങ്ങൾ നേരിട്ട് കെ.എഫ്.സി. ഉദ്യോഗസ്ഥർ കേൾക്കുകയും പരിഹാരം കണ്ടെത്തുകയും ചെയ്യുന്നുണ്ട്. 2010-11 സാമ്പത്തിക വർഷത്തിൽ മൂലധന നിക്ഷേപമായി 791 ലക്ഷം രൂപ സർക്കാരിൽ നിന്നും അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അതുകൂടാതെ സംസ്ഥാന സഹകരണ ബാങ്കിൽ നിന്നുള്ള 75 കോടി രൂപയുടെ വായ്പയ്ക്കും നബാർഡ് ബാങ്കിൽ നിന്നുള്ള 100 കോടി രൂപ വായ്പയ്ക്കും സംസ്ഥാന സർക്കാരിന്റെ എൻ.ഒ.സി. നൽകുകയുണ്ടായി. അതോടൊപ്പം കെ.എഫ്.സി. യുടെ 200 കോടി രൂപയുടെ നിർദ്ദിഷ്ട കടപ്പത്രത്തിനും ഹഡ്കോയിൽ നിന്നും വാങ്ങാനുദ്ദേശിക്കുന്ന 200 കോടി രൂപയുടെ വായ്പയ്ക്കും സർക്കാർ ഗ്യാരണ്ടി നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്.

(ബി) ഇത്തരം ഒരു പാക്കേജ് കെ.എഫ്.സി. യിൽ നടപ്പിലാക്കിയിട്ടില്ല.

(സി) ചെറുകിട-ഇടത്തരം വ്യവസായികൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം 30,99,112 രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം 615.92 കോടി രൂപയുടെ വായ്പ അനുവദിച്ചിരുന്നു. ഈ സാമ്പത്തിക വർഷം 30-11-2010 വരെ 152.57 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**സംഭരിക്കുന്ന നെല്ല് കുത്തരിയാക്കി റേഷൻ ചില്ലറ വിൽപ്പന വ്യാപാരികൾ വഴി വിതരണം നടത്തുന്ന പദ്ധതി**

**9 (*160)** ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം. മുരളി :
ശ്രീ വി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിന്നും സംഭരിക്കുന്ന നെല്ല് കുത്തരിയാക്കി റേഷൻ ചില്ലറ വിൽപ്പന വ്യാപാരികൾ വഴി വിതരണം നടത്തുന്ന പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ടോ ;



LIBRARY ARCHIVES Kerala Legislative Assembly